കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
## ജില്ലാ ഓഡിറ്റ് കാര്യാലയം
## പാലക്കാട്

www.ksad.kerala.gov.in

email – dopkd.ksad@kerala.gov.in

# നെല്ലായ ഗ്രാമപഞ്ചായത്ത്

## 2018-19

## ഓഡിറ്റ് റിപ്പോർട്ട്

നം.കെ.എസ്.എ-പികെഡി16/1276/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

പാലക്കാട് ജില്ലാ കാര്യാലയം

ഫോൺ:0491 520145

ഇമെയിൽ : dopkd.ksad@kerala.gov.in

തീയതി: 01.11.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

നെല്ലായ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം :
നെല്ലായ ഗ്രാമപഞ്ചായത്ത്--2018-19. സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നെല്ലായ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3-ലെ ഖണ്ഡികയിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നെല്ലായ പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-പികെഡി16/1276/2019 തീയതി – 1.11.2019

## പാലക്കാട് ജില്ലയിലെ നെല്ലായ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പാലക്കാട് ജില്ലയിലെ നെല്ലായ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 19-07-2018മുതൽ 18-8-2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരളാ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.എൻ. സതീശൻ<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 19-8-2019 മുതൽ 30-8-2019 വരെ |
| ശ്രീ.കെ.ആർ.പ്രകാശ് ബാബു | ഓഡിറ്റ് ഓഫീസർ<br>(ഹയർ ഗ്രേഡ്) |
| ശ്രീ.കെ.പി.മുഹമ്മദ് ഫാറൂക്ക് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.എ.ബി.സുരേഷ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.കെ.വി.രാജൻ | സീനി.ഗ്രേഡ് ഓഡിറ്റർ |

### (ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.പി.കെ.മുഹമ്മദ് ഷാഫി | 1-4-18 മുതൽ 31-3-19 വരെ |
| സെക്രട്ടറി | ശ്രീമതി.പദ്മജ തോമസ് | 1-4-18 മുതൽ 03-4-18 വരെ<br>30-7-18 മുതൽ 9-8-18 വരെ |
| | ശ്രീ.അജിത് കുമാർ പി.ഡി (അസി.സെക്രട്ടറി ഇൻ ചാർജ്) | 4-4-18 മുതൽ 4-6-18വരെ |
| | ബാബു.ഒ.എ (സെക്രട്ടറി ഇൻ ചാർജ്) | 5-6-18 മുതൽ 28-6-18വരെ |

| | | |
|---|---|---|
| | ശ്രീമതി.മേബിൾ ഷീല ജി. | 29-6-18 മുതൽ 29-7-18വരെ<br>10-08-18 മുതൽ<br>9-10-18 വരെ |
| | ശ്രീ.റോയ് തോമസ് | 10-10-18 മുതൽ 31-3-19 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | തനൂജ.ടി.ടി | 1-4-18 മുതൽ 20-2-19വരെ |
| | എ.കെ.അനീഷ | 21-2-18മുതൽ 14-3-19 വരെ |
| | അപർണ്ണ ടി.ജി | 15-3-19 മുതൽ 31-3-19 വരെ |
| വി.ഇ.ഒ | ശാന്തിനി എൻ.കെ | 1-4-17 മുതൽ 13-11-18വരെ |
| | മനോജ് .വൈ | 14-11-18 മുതൽ 25-01-19 വരെ |
| | ഷിജിത്ത് എൻ | 26.01.19മുതൽ 31-3-2019 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.പി.പ്രമീള | 1-4-2018 മുതൽ 31-3-2019 വരെ |
| അസി.എഞ്ചിനീയർ | നീതു ഗോപാൽ | 1-4-18 മുതൽ 10-6-18 വരെ,<br>11-1-19 മുതൽ 31-3-19 വരെ |
| | സന്താഷ് എം.പി. | 11-6-18 മുതൽ 10-1-19 വരെ, |
| മെഡിക്കൽ ഓഫീസർ PHC | ഡോ. ഫെബീന മോൾ | 1-4-18 മുതൽ 31-3-19 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. രമ്യ.കെ.ആർ | 1-4-18 മുതൽ 31-03-19 വരെ |
| വെറ്ററിനറി സർജ്ജൻ | ഡോ.അനീഷ് രാജ്.വി.എൻ | 1-4-18 മുതൽ<br>31-03-19 വരെ |
| അസി.സെക്രട്ടറി | അജിത് കുമാർ.എം<br>ടി.എൻ.ശ്രീകുമാർ | 1-4-18 മുതൽ 21-10-18 വരെ<br>22-10-18 മുതൽ 31-3-19വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | പ്രിയ പി.ബി. | 1-4-18 മുതൽ<br>31-03-19 വരെ |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

28-2-18 തീയതിയിലെ തീരുമാനം (1) പ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 14-2-19 തീയതിയിലെ തീരുമാനം (1)പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

# 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-7-2019 | 24-7-2019 | --- | -- |

# 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 20671491 |
| വരവ് | 68393268 |
| ആകെ | 89064759 |
| ചെലവ് | 61474252 |
| നീക്കിയിരിപ്പ് | 27590507 |

# 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 18736000 | 18736000 | 18376772 | 359228 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 5656171 | 5656171 | 5656171 | 0 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്- റോഡ് (ACR പ്രകാരം) | | 0 | 3127000 | 3797594 | 3127000 | 670594 |
| മെയിന്റനൻസ്- നോൺറോഡ് (ACR പ്രകാരം) | | 0 | 2063973 | 2063973 | 2063973 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 5404486 | 5404486 | 5404486 | 0 |
| MGNREGS | തൊഴിലാളി കളുടെ കൂലി | 0 | 14696662 | 14696662 | 14696662 | 0 |
| | അഡ്മിനി സ്ട്രേറ്റീവ് ചെലവ് | 15574 | 2137696 | 2153270 | 1809908 | 343362 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | സംയോജിത ശിശു വികസന പദ്ധതി | 1344922 | 772000 | 2116922 | 86462 | 2030460 |
| | TSC | | 861825 | 861825 | -- | 861825 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 0 | 3184793 | 3184793 | 2184793 | 1000000 |
| | ജില്ലാ പഞ്ചായത്ത് | 18 | 1312846 | 1312864 | 1278846 | 34018 |
| ബി ഫണ്ട് | | 0 | 191240 | 191240 | 191240 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | | 12937056 | 12937056 | 4776765 | 8160291 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 1942798 16743558 | 10116590 | 12059388 | 9113764 | 2945624 |

| | | | | | | |
|---|---|---|---|---|---|---|
| | ട്രഷറി അക്കൗണ്ട് | | 12937056 | 29680614 | 7452429 | 22228185 |
| മറ്റിനം | ട്രഷറി സ്പെഷ്യൽ ഫണ്ട് | 18 | 0 | 18 | 0 | 18 |
| | ട്രഷറി - VPFA1-2 | 1704 | 0 | 1704 | 0 | 1704 |
| | VSCB | 506604 | 23194 | 529798 | 0 | 529798 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി ചെലവ് വിശദാംശങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 5 | 5 | 6492000 | 4702846 | 72.44 |
| വി.ഇ.ഒ | 10 | 8 | 26377216 | 13201297 | 50.04 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 5 | 4 | 6084400 | 4708931 | 77.39 |
| സെക്രട്ടറി | 43 | 23 | 10342528 | 4808796 | 46.49 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 152 | 70 | 32993285 | 12197550 | 36.96 |
| മെഡിക്കൽ ഓഫീസർ-PHC | 4 | 4 | 1216000 | 1107560 | 91.08 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 5 | 4 | 1500000 | 1402207 | 93.48 |
| വെറ്ററിനറി സർജ്ജൻ | 4 | 4 | 3545000 | 1457500 | 41.11 |
| എച്ച്.എം | 5 | 0 | 980000 | 0 | 0 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 300000 | 300000 | 100 |
| അസി.സെക്രട്ടറി | 20 | 10 | 6829278 | 4082853 | 59.78 |
| ആകെ | 254 | 133 | 96659707 | 47969540 | 49.62 |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 254 | 96659707 | 133 | 47969540 | nil | 121 | 52.36 |

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 15574 | 2137696 | 2153270 | 1809908 | 343362 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 14696662 | 14696662 | 14696662 | 0 |
| ആകെ | 15574 | 16834358 | 16849932 | 16506570 | 343362 |

# 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 111,240 | 794 |
| കർഷക തൊഴിലാളി പെൻഷൻ | 4722000 | 439 |
| വിധവാ പെൻഷൻ | 16850400 | 1334 |
| വാർദ്ധക്യകാല പെൻഷൻ | 34,135,700 | 2587 |
| വികലാംഗ പെൻഷൻ | 6900600 | 565 |
| 50 വയസ്സിന് മുകളിലുള്ളവർക്കുള്ള അവിവാഹിതാ പെൻഷൻ | 1,095,300 | 108 |

# 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19-08-19ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 10861രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തരനിയന്ത്രണം

ഫ്രണ്ട് ഓഫീസ് പ്രവർത്തനങ്ങൾ കൃത്യമായി നടക്കുന്ന രീതിയിൽ ജീവനക്കാരെ വിന്യസിക്കുന്നതിൽ ശ്രദ്ധ പതിപ്പിച്ചിട്ടുണ്ട്.

രസീത് വഴിയുള്ള പണം വരവ്, അതിന്റെ അടവ് എന്നിവ ചട്ടപ്രകാരം നടക്കുന്നുണ്ട് എന്ന് ബന്ധപ്പെട്ട നിയന്ത്രണാധികാരികൾ ഉറപ്പുവരുത്തേണ്ടതാണ്. സാംഖ്യ പ്രകാരമുള്ള കണക്കുകൾ പ്രതിമാസം റീകൺസൈൽ ചെയ്ത് വരവ്- ചെലവ് അനുപാതവും നീക്കിയിരുപ്പിന്റെ കൃത്യതയും ഉറപ്പുവരുത്തുന്നുണ്ട്.

വരവു ചെലവുകൾ അതാതു കാലയളവിൽ തന്നെ അക്കൗണ്ട് ചെയ്യപ്പെടുന്നുണ്ടെന്നും വാർഷിക കണക്കിൽ പ്രതിഫലിക്കുന്നുണ്ടെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പു വരുത്തേണ്ടതാണ്.

പഞ്ചായത്തിന്റെ വസ്തുനികുതിയുടെ ഡി.സി.ബി. കണക്കുകൾ സഞ്ചയയിലുള്ളതും സാംഖ്യയിലെ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. സഞ്ചയ സോഫ്റ്റ് വെയറിലെ അപാകതകളാണ് ഇതിന് കാരണം. കുടിശ്ശിക തുക പിരിച്ചെടുക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

പൊതു തെരഞ്ഞെടുപ്പ് കഴിഞ്ഞ് പഞ്ചായത്ത് രൂപീകരിക്കപ്പെട്ടശേഷം, ആറു മാസത്തിനുള്ളിൽ പൗരാവകാശ രേഖ പ്രസിദ്ധീകരിക്കണം. എന്നാൽ ഓഡിറ്റ് കാലയളവു വരെ പൗരാവകാശ രേഖ പ്രസിദ്ധീകരിച്ചിട്ടില്ല.

പഞ്ചായത്തിന്റെ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനായി പുതിയ നികുതി നിർദേശങ്ങളോ, അതുമായി ബന്ധപ്പെട്ട ചർച്ചകളോ ഒന്നും തന്നെ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ വന്നിട്ടില്ല. പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനായും നികുതി-നികുതിയേതര വരവുകൾ പിരിച്ചെടുക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ കാര്യക്ഷമമാക്കേണ്ടതാണ്.

ഓരോ വർഷവും ആർജ്ജിക്കുന്ന ആസ്തികൾ ഉൾപ്പെടുത്തി ആസ്തിരജിസ്റ്റർ കാലികമാക്കുന്നില്ല.

ജനങ്ങൾക്ക് നൽകുന്ന സേവനം മെച്ചപ്പെടുത്തുന്നതിനായി ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിന് നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16-8-19 | 7/2019 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 03-04-2010 മുതൽ 17-04-2010 വരെ | 2005-06 മുതൽ 2009-10 വരെ | LB(H)/1/TPQ/1-10 LBA/X/488 dt.19-03-10 |

# 1-11 വാർഷികകണക്കുകളിലെ അപാകതകൾ

അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്

# 1-12 വസ്തുനികുതി നിർണ്ണയം തെറ്റായി നടത്തി

ഗ്രാമപഞ്ചായത്തിലെ സഞ്ചയ സോഫ്റ്റ്‌വെയറിലെ വസ്തുനികുതി നിർണ്ണയ രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പ്രകാരം പാർപ്പിടാവശ്യങ്ങൾക്ക് വസ്തു നികുതി നിർണ്ണയം നടത്തിയ താഴെ പറയുന്ന കെട്ടിടങ്ങളിൽ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം | ഉടമയുടെ പേര് | വിസ്തീർണ്ണം | ഈടാക്കിയ നിരക്ക് (ച.മീ) | ബാധകമായ നിരക്ക് (ച.മീ) | ലൈസൻസിയുടെ പേര് | ലൈസൻസ് അനുവദിച്ചത് |
|---|---|---|---|---|---|---|---|
| 1 | 15/495 | വിജയകുമാർ | 104.55 | 7 | 70 | വിജയകുമാർ | അടുപ്പ് സ്റ്റോക്ക് ചെയ്യുന്നതിന് |
| 2 | 15/423 | സുബൈദ | 50 | 7 | 40 | ഗീത | ബ്യൂട്ടി പാർലർ |
| 3 | 9/574 | അബ്ദുൾമജീദ് | 77.4 | 7 | 40 | ഡോ.അനീഷ് മോഹൻ | ഹോമിയോ ക്ലിനിക്ക് |
| 4 | 9/61 | ഉമ്മർ മൗലവി | 85 | 7 | 40 | അബ്ദുൾ സലാം | പ്രിന്റിംഗ് പ്രസ്സ് |
| 5 | 3/58 | ആലിക്കുട്ടി | 120 | 7 | 70 | ഡോ.ഫവാസ് | ഡെന്റൽ ക്ലിനിക്ക് |
| 6 | 15/459 | മുഹമ്മദലി | 70 | 7 | 40 | മുഹമ്മദ് അഷറഫ് | ഫാൻസി ലാന്റ് |
| 7 | 4/616 | ഹംസ | 110 | 40 | 70 | ഹംസ | ഹോളോ ബ്രിക്സ് നിർമ്മാണം |
| 8 | 9/160 | സൈദലവി | 80 | 7 | 40 | സൈദലവി | ബേക്കറി |
| 9 | 9/166 | മൊയ്തീൻകുട്ടി | 75 | 7 | 40 | മൊയ്തീൻകുട്ടി | ഫാൻസി ഷോപ്പ് |

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം പാർപ്പിടേതര ആവശ്യങ്ങൾക്കുള്ള വിഭാഗത്തിൽ ഉൾപ്പെടുത്തി മേൽ കെട്ടിടങ്ങളുടെ നികുതി പുനർനിർണ്ണയം നടത്തി, നഷ്ടം ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-13 കശാപ്പുശാലകളും ഇറച്ചിക്കടകളും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

1996-ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങൾ 38 പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്തിനുള്ളിൽ മൃഗത്തിന്റെയോ പക്ഷിയുടെയോ മാംസം വിൽക്കുന്നതിനുള്ള കട സ്ഥാപിക്കുന്നത് അതിനായി ഗ്രാമപഞ്ചായത്ത് അംഗീകരിച്ചിട്ടുള്ള സ്ഥലത്ത് ആയിരിക്കേണ്ടതും, ഇറച്ചിക്കട ചില്ലുവച്ച് മറച്ചതും ഈച്ച മുതലായ പ്രാണികൾ കടക്കാത്തതും, ധാരാളം വായു സഞ്ചാരമുള്ളതുമായിരിക്കേണ്ടതും വഴിയാത്രക്കാർ കാണാത്ത വിധത്തിൽ ഇറച്ചി സൂക്ഷിക്കേണ്ടതും, കടയുടെ ലൈസൻസി, തന്റെ പേര്, കടയുടെ നമ്പർ, വില നിരക്കുകൾ എന്നിവ വ്യക്തമാക്കിക്കൊണ്ടുള്ള ബോർഡ് അന്യർക്ക് കാണത്തക്കവിധം കടയുടെ മുൻപിൽ പ്രദർശിപ്പിക്കേണ്ടതുമാണ്. എന്നാൽ ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഇറച്ചിക്കടകൾക്കും, കോഴി, താറാവ്, മറ്റ് പക്ഷി വിൽപ്പന കേന്ദ്രങ്ങൾക്കും 1994 ലെ കേരള പഞ്ചായത്ത് രാജ് 229 മുതൽ 231 വരെയുള്ള വകുപ്പുകൾ, 1996-ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങൾ, ബഹു. പഞ്ചായത്ത് ഡയറക്ടറുടെ സർക്കുലറുകൾ (സർക്കുലർ നം.27560/ജെ 2 /2000/തസ്വഭവ തീ.12-07-2000, സർക്കുലർ നം.1173/ഡിബി2/09/ തസ്വഭവ തീ.17-09-2009 , സർക്കുലർ നം. 66771/ഡി ബി 2/09/തസ്വഭവ തീയതി 08-01-2010, സർക്കുലർ നം. 25533/ഡി ബി 2/12/തസ്വഭവ തീയതി 06-04-2012) എന്നിവയിലെ നിബന്ധനകൾ പ്രകാരം ലൈസൻസ് നൽകിയിട്ടില്ല.

ആരോഗ്യവകുപ്പുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി, ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന ഇറച്ചി കടകൾ, കോഴി, താറാവ് മുതലായ പക്ഷി വിൽപ്പന കേന്ദ്രങ്ങൾക്കും എതിരെ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 230 (എ )വകുപ്പ് പ്രകാരം നടപടികൾ സ്വീകരിച്ച്, വിവരം അറിയിക്കേണ്ടതാണ്. യോഗ്യമായവക്ക് നിയമാനുസൃത വ്യവസ്ഥകൾ പാലിച്ച് ലൈസൻസ് നൽകുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നം. 2 തീയതി 21-08-2019 )

# 1-14 സി.ബി.എസ്.ഇ സ്ക്കൂളുകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിൽ കുറവ്

**18-10-2018 ലെ സി.ബി.എസ്.ഇ അഫിലിയേഷൻ ബൈലോയിലെ 5.2.2 പ്രകാരം ("Teaching and non teaching staff should be appointed on pay scales and allowances prescribed by the appropriate government.") സി.ബി.എസ്.ഇ സ്കൂളുകളിൽ ജോലിചെയ്യുന്ന അദ്ധ്യാപക - അനദ്ധ്യാപക ജീവനക്കാർക്ക് ശമ്പളവും മറ്റ് അലവൻസുകളും നൽകുന്നത് സംബന്ധിച്ച് വ്യവസ്ഥ ചെയ്തിട്ടുണ്ട്.**

സി.ബി.എസ്.ഇ അഫിലിയേഷൻ കോഡ് : 930247 പ്രകാരം രജിസ്റ്റർ ചെയ്ത് ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എം.ടി.ഐ സെൻട്രൽ സ്കൂൾ, പൊട്ടച്ചിറ എന്ന വിദ്യാലയത്തിലെ 2018-19 രണ്ട് അർദ്ധ വർഷങ്ങളിലേയും തൊഴിൽ നികുതി റിട്ടേണുകൾ പരിശോധിച്ചതിൽ, സി.ബി.എസ്.ഇ അഫിലിയേഷൻ ബൈലോയിലെ വ്യവസ്ഥകൾ പാലിച്ചിട്ടില്ലെന്ന് കാണുന്നു, 100 ൽ കൂടുതൽ ജീവനക്കാരുള്ള സ്ഥാപനം, കുറഞ്ഞ വേതനം ഉൾക്കൊള്ളിച്ച് തൊഴിൽനികുതി റിട്ടേൺ സമർപ്പിച്ചിരിക്കുന്നതിനാൽ പഞ്ചായത്തിന് തൊഴിൽ നികുതിയിനത്തിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-15 സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കുന്നില്ല

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204 പ്രകാരം ഓരോ അർദ്ധവർഷവും പഞ്ചായത്ത് പ്രദേശത്ത് അറുപത് ദിവസത്തിൽ കുറയാതെ തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളിൽ നിന്നും ബാധകമായ തൊഴിൽനികുതി ഈടാക്കേണ്ടതാണ്. 2018-19 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ചതും തൊഴിൽനികുതി അടയ്ക്കാൻ ബാധ്യസ്ഥരുമായ മുഴുവൻ സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടുള്ളതായി കാണുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1) അൻവ്വരിയ്യാ എന്റർപ്രൈസസ്, നെല്ലായ
2) ദിൽഷാദ് വുഡ് ഇൻഡസ്ട്രീസ്
3) സിറ്റി സ്മൈൽ ഡെന്റൽ ക്ലിനിക്ക്
4) ദയ സ്പെഷ്യാലിറ്റി ലാബ്, പേങ്ങാട്ടിരി
5) ദയ സ്പെഷ്യാലിറ്റി ലാബ്, നെല്ലായ
6) സുധർമ്മ പോളി ക്ലിനിക്ക്, പേങ്ങാട്ടിരി
7) റോയൽ ഡെന്റൽ ക്ലിനിക്ക്

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന തൊഴിൽനികുതി അടയ്ക്കാനുള്ള പരിധിയിൽ വരുന്ന എല്ലാ സ്വകാര്യ സ്ഥാപനങ്ങളിലെയും ജീവനക്കാരിൽ നിന്ന് തൊഴിൽനികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-16 ഇ-ടെന്റർ ഫോറം വില ഇനത്തിൽ ലഭിച്ച1,47,385 രൂപ പഞ്ചായത്തിന്റെ തനതുഫണ്ടിൽ നിക്ഷേപിച്ചിട്ടില്ല

വിവിധ വർഷങ്ങളിലായി പഞ്ചായത്തിൽ നിന്നും ഇ- ടെന്റർ നടത്തിയ വകയിൽ പഞ്ചായത്തിനു ലഭിക്കേണ്ട ടെന്റർ ഫോറം വില അതാത് പഞ്ചായത്തുകൾക്ക് ലഭിക്കേണ്ടതിനുപകരം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് നിക്ഷേപിച്ചുവന്നിരുന്നത്. ഇക്കാര്യം ജില്ലാ പഞ്ചായത്തിന്റെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചതിനെ തുടർന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും അസി.എഞ്ചിനീയറുടെ 37114028492-SBI ചെർപ്പുളശ്ശേരി എന്ന അക്കൗണ്ടിൽ നിക്ഷേപിക്കുകയും 1,47,385 രൂപ നീക്കിയിരിപ്പായി അവശേഷിക്കുകയും ചെയ്യുന്നുണ്ട് . ഈ തുക ഗ്രാമ പഞ്ചായത്തിന്റെ തനതു ഫണ്ടിൽ നാളിതുവരെ നിക്ഷേപിച്ചിട്ടില്ല. ആയത് ഗ്രാമ പഞ്ചായത്തിന്റെ അക്കൗണ്ടിൽ നിക്ഷേപിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-17 ലൈസൻസസ് അനുവദിക്കൽ ക്രമപ്രകാരമല്ല

ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് നൽകലുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകങ്ങൾ ഉണ്ടായിട്ടുണ്ട്.

1. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31/10/17- ലെ ജി.ഒ.(പി) നം.80/2017/ത.സ്വ.ഭ.വ എസ്.ആർ.ഒ. നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 232, 233, 234 വകുപ്പുകളും 254 വകുപ്പു കൂട്ടി വായിച്ചതും 2017- ലെ കേരളാ ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ഓർഡിനൻസിലെ സെക്ഷൻ 10 പ്രകാരവും 1996- ലെ കേരളാ പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം ടി. ചട്ടത്തിലെ റൂൾ 2 ഭേദഗതിയനുസരിച്ച് പ്രസ്തുത ചട്ടത്തിന്റെ ബ്രാക്കറ്റിലുള്ള പേര് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) എന്നാക്കി ഭേദഗതി ചെയ്തിട്ടുണ്ട്. കൂടാതെ ചട്ടം 10-ലെ പട്ടിക- 2- ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസ് ദിവസേനയുള്ള വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ നിലവിൽ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് എന്നിങ്ങനെ വിവിധ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരംതിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് നിരക്കുകൾ നിജപ്പെടുത്തി ഉത്തരവായതിനാൽ നിലവിലുണ്ടായിരുന്ന ഫീസ് നിരക്കുകൾ നിശ്ചയിച്ചിട്ടുള്ള പട്ടിക 2 ഒഴിവാക്കി പുതിയ ഫീസ് നിരക്ക് സെക്രട്ടറി തയ്യാറാക്കി ഭരണസമിതിക്ക് സമർപ്പിക്കേണ്ടതും ആയത് ചർച്ച ചെയ്ത് പ്രസ്തുത ചട്ടം ഭേദഗതി ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഫീസ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ലൈസൻസ് ചട്ടങ്ങളിൽ വന്ന ഭേദഗതി പ്രകാരം ലൈസൻസ് ഫീസ് ഇനത്തിൽ

ഈടാക്കാവുന്ന പരമാവധി തുക 4000 രൂപയിൽ നിന്നും 15000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. 2018-19 വർഷത്തിലെ ലൈസൻസ് അപേക്ഷകൾ, ഡിമാന്റ് രജിസ്റ്റർ, മറ്റ് അനുബന്ധ രേഖകൾ എന്നിവയുടെ പരിശോധനയിൽ പഞ്ചായത്ത് പ്രദേശത്തെ വിവിധ വ്യാപാര വ്യവസായ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ചട്ടങ്ങളിൽ വന്ന ഭേദഗതി ഉത്തരവ് പ്രകാരം ഫീസ് ഈടാക്കി, ലൈസൻസ് നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ലെന്ന് കാണുന്നു .

2. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ലൈസൻസ് ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതു വിതരണ വകുപ്പിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും (പട്ടിക 1 ക്രമ നം 149) ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾക്ക് ലൈസൻസ് അനുവദിച്ചിട്ടില്ല.

നിയമാനുസൃത വ്യവസ്ഥകൾ പാലിച്ച് ലൈസൻസസ് അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-18 പട്ടികജാതി പെൺകുട്ടികളുടെ വിവാഹ ധനസഹായം- രേഖകൾഹാജരാക്കിയില്ല- 375000 രൂപയുടെ ചെലവു തടസ്സപ്പെടുത്തുന്നു.

Sc കുടുംബങ്ങൾക്ക് വിവാഹ ധനസഹായം- പട്ടിക ജാതി വകുപ്പിൽ നിന്നും നിരാക്ഷേപ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

പ്രൊജക്ട് നമ്പർ 28/19

അടങ്കൽ 7,50000

ചെലവ് 675000 ( (ബിൽ നം 08/19 തീ. 19.3.19- തുക 525000)

ബിൽ നം. 11/19 തീ. 26.3.19- തുക 150000

ആകെ- 675000 രൂപ)

പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗ രേഖ – സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച സ.ഉ.(കൈ) 22/18 ത.സ്വ.ഭ.വ .തീയ്യതി. 14.2.18 ഖണ്ഡിക 7.2. ൽ ഉപ ഖണ്ഡിക 1 പ്രകാരം ഈ സാമ്പത്തികാനുകൂല്യത്തിനപേക്ഷിക്കുന്നവർ പട്ടിക ജാതി വികസന വകുപ്പിൽ ഇതേ കാര്യത്തിന് അപേക്ഷ നൽകുകയോ, ആനുകൂല്യം കൈപ്പറ്റുകയോ ചെയ്യാൻ പാടില്ല. മാത്രമല്ല, ഒരു പെൺകുട്ടിക്ക് ഒരിക്കൽ മാത്രമേ ഈ ധന സഹായം നൽകാവൂ.

മേൽ പറഞ്ഞ പദ്ധതി പ്രകാരം സാമ്പത്തികാനുകൂല്യങ്ങൾ കൈപ്പറ്റിയ ഗുണഭോക്താക്കളിൽ ചിലർ, പട്ടിക ജാതി വകുപ്പിൽ നിന്നും ഈയിനത്തിൽ ധനസഹായം ലഭിച്ചിട്ടില്ല എന്ന സാക്ഷ്യ പത്രം ഹാജരാക്കിയിട്ടില്ല. ഈ ഗുണഭോക്താക്കൾക്ക് മുമ്പ് ധനസഹായം നൽകിയിട്ടില്ല എന്നുറപ്പു വരുത്തിയതായും കാണുന്നില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേരും വിലാസവും | കൈപ്പറ്റിയ തുക | ബാങ്കിന്റെ പേരും അക്കൗണ്ട് നമ്പറും |
|---|---|---|---|
| 1 | വിശ്വനാഥൻ, മുല്ലക്കൽ, മാരായ മംഗലം | 75000 | 205301231001631 |
| 2 | രാമകൃഷ്ണൻ, കുറ്റിപ്പുളിക്കൽ, എഴുവന്തല | 75000 | 20253223394 |
| 3 | വസന്തകുമാരി, വലിയ തൊടി, എഴുവന്തല | 75000 | 205301050000140 |
| 4 | ഗോപാലൻ, S/O രാമൻ, ചെമ്മാട്ടു പടി, മാരായമംഗലം, നോർത്ത് | 75000 | 205301011005470 |
| 5 | ലക്ഷ്മി, പാപ്പിനത്തൊടി, എഴുവന്തല | 75000 | 20530105000042 |
| | **ആകെ** | 375000 | |

മേൽ പറഞ്ഞ ഗുണഭോക്താക്കൾക്ക് പട്ടികജാതി വികസന വകുപ്പിൽ ഈയിനത്തിൽ ധനസഹായം ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം ഹാജരാക്കുന്നതിനു വിധേയമായി, 375000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-19 മരാമത്ത് ഫയലുകൾ ഓഡിറ്റിന് ഹാജരാക്കിയില്ല. ചെലവുതുക തടസ്സപ്പെടുത്തുന്നു

താഴെ പറയുന്ന മരാമത്ത് പ്രവ്യത്തിയുമായി ബന്ധപ്പെട്ട ഫയലുകൾ ഓഡിറ്റിന് ഹാജരാക്കാത്ത സാഹചര്യത്തിൽ ഈ ഇനത്തിൽ ചെലവഴിച്ച തുക 523846/- രൂപ ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര്,പ്രോജ.നം | ചെലവഴിച്ച തുക | ബിൽനം./ തിയ്യതി |
|---|---|---|---|
| 1 | കീഴോപ്രത്തൊടി റോഡ് കോൺക്രീറ്റ് (126/19) | 38797 | 41/31-12-18 |
| 2 | കണ്ണേരിപ്പടി റോഡ് കോൺക്രീറ്റ് (112/19) | 45703 | 42/31-12-18 |
| 3 | കുന്നത്തൊടി റോഡ് കോൺക്രീറ്റ് (111/19) | 45317 | 43/31-12-18 |
| 4 | ചക്കകുളം റോഡ് കോൺക്രീറ്റ് (120/19) | 45868 | 44/31-12-18 |
| 5 | ചക്കിങ്ങൽ റോഡ് കോൺക്രീറ്റ് (230/19) | 43851 | 45/31-12-18 |
| 6 | നായർ പറമ്പ് റോഡ് കോൺക്രീറ്റ് (77/19) | 40871 | 75/4-3-19 |
| 7 | വഴക്കമ്പാറ റോഡ് കോൺക്രീറ്റ് (100/19) | 44124 | 78/14-3-19 |
| 8 | ബീവിപ്പടി-ചൂരക്കാംപറ്റ റോഡ് കോൺക്രീറ്റ് (119/19) | 43992 | 86/23-3-19 |
| 9 | പറപ്പത്തൊടി-മദ്രസ്സറോഡ് കോൺക്രീറ്റ് (78/19) | 42544 | 87/23-3-19 |
| 10 | മൊയ്തീൻപടി റോഡ് കോൺക്രീറ്റ് (90/19) | 42641 | 88/23-3-19 |
| 11 | മഠത്തിൽ പടി റോഡ് കോൺക്രീറ്റ് (89/19) | 45206 | 89/23-3-19 |
| 12 | ആളാഞ്ചേരി കനാൽ റോഡ് കോൺക്രീറ്റ് (136/19) | 44932 | വൗ.നം. 1002/22-3-19 ചെക്ക്നം. 9749892/ 28-3-19 |
| | ആകെ | 523846 | |

# 1-20 കരാറുകാരന് പ്രവൃത്തിയുടെ തുക അനുവദിച്ചപ്പോൾ ടാർ ബാരലിന്റെ വില ഈടാക്കിയിട്ടില്ല

2018-19ൽ പൂർത്തീകരിച്ചിട്ടുള്ള റോഡ് ടാറിംഗ് പ്രവൃത്തികളിൽ കരാറുകാരാണ് ബിറ്റുമിൻ വാങ്ങിയിരിക്കുന്നത്. പ്രൈസ് സോഫ്റ്റ്‌വെയർ മുഖേന നിരക്കുകൾ കണക്കാക്കിയിട്ടുള്ള (with packed bitumin rates) ഇവയുടെ ഫൈനൽ ബില്ലുകളിൽ നിന്നും ബിറ്റുമിൻ ബാരൽ വില കുറവു ചെയ്തതിനുശേഷമാണ് കരാറുകാർക്ക് തുക നൽകേണ്ടത്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളിൽ നിന്നും ബിറ്റുമിൻ ബാരൽ വില ഈടാക്കാതെയാണ് കരാറുകാരന് ഫൈനൽ ബിൽ തുക നൽകിയിരിക്കുന്നത്. ഈ പ്രവൃത്തികളുടെ അളവു പുസ്തകങ്ങളിൽ ബിറ്റുമിൻ adequacy കണക്കാക്കി നിർവ്വഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. 250/-രൂപ നിരക്കിൽ ബാരലിന്റെ വില 27250 /-രൂപ കരാറുകാരിൽ നിന്ന് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടക്കേണ്ടതാണ്. (വിശദാംശങ്ങൾക്ക് ഖണ്ഡിക 3-1 കാണുക)

# 1-21 വാടക വാഹനത്തിന്റെ ഉപയോഗം- നിയമാനുസൃതമല്ലാത്ത ചെലവ് 6490 രൂപയുടെ അധിക ചെലവ്

പഞ്ചായത്തിന്റെ ഒദ്യോഗിക വാഹനം ലഭ്യമായിരിക്കെ ഔദ്യോഗിക യാത്രകൾക്ക് അതുപയോഗപ്പെടുത്താതെയും, അതിനു പുറമേ സ്വകാര്യ ആവശ്യങ്ങൾക്കും ടാക്സി വാഹനങ്ങൾ വാടകക്കെടുത്ത് ഉപയോഗിച്ചത് കാരണം തനത് ഫണ്ടിൽ നിന്നും വാടകയിനത്തിൽ 6490 രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | സാംഖ്യ വൗച്ചർ നമ്പർ, തീയ്യതി | ചെക്ക് നം, തീയ്യതി | തുക | വാഹനത്തിന്റെ നമ്പറും, വാഹന ഉടമയുടെ പേരും | യാത്ര സംബന്ധിച്ച വിശദാംശങ്ങൾ |
|---|---|---|---|---|---|
| 1 | 21800122/ 9.5.18 | 517560/ 8.5.18 | 500/- | KL -52 D 6330 ശ്രീ മുഹമ്മദ് തസ്ലി | അസി.എഞ്ചിനീയറെ ചെർപ്പുളശ്ശേരി ട്രഷറിയിൽ കൊണ്ടുപോയതിന്റെ വാഹന വാടക ( 27 Km ന് 15 രൂപ പ്രകാരം ) |
| 2 | 21899123/ 9.5.18 | 517560/ 8.5.18 | 1770/- | KL -52 D 6330 ശ്രീ മുഹമ്മദ് തസ്ലി | അസി.എഞ്ചിനീയറെയും, ഓവർസിയറെയും താമസ സ്ഥലത്ത് കൊണ്ടു പോയി വിട്ടതിന്റെ വാടക |
| 4 | 21800151/ 5.5.18 | 577963/ 21.5.18 | 800 | „ | പട്ടാമ്പിയിൽ കിസാൻ മേള കാണാൻ പോകുന്നതിന് പ്രസിഡന്റിന് അനുവദിച്ച വാഹന വാടക- എന്നാൽ ഗ്രാമ പഞ്ചായത്തിന്റെ ലോഗ് ബുക്ക് പ്രകാരം 5.5. 18 ന് പ്രസിഡണ്ടിന്റെ ഔദ്യോഗിക വാഹനത്തിന് മറ്റു ഡ്യൂട്ടികൾ രേഖപ്പെടുത്തിയിട്ടില്ല. |
| 6 | 21800056/ 4.5.18 | 912979/ 18.4.18 | 1470 | „ | 28.3.18 ന് അസി.എഞ്ചിനീയറേയും, ഓവർസിയറേയും താമസസ്ഥലത്ത് കൊണ്ടുപോയി വിട്ടതിന്റെ വാഹന വാടക- 870 രൂപ 20.3.18 ന് അസി. എഞ്ചിനീയർക്ക് ട്രഷറിയിൽ പോകാൻ വാഹന വാടക 600 രൂപ |
| 7 | 21800484/ 27.9.18 | | 750 | „ | 9.7.18 ന് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും ഓവർസിയറെ താമസ |

| | | | | | |
|---|---|---|---|---|---|
| | | | | | സ്ഥലത്ത് കൊണ്ടു പോയി വിട്ടതിന്റെ വാടക |
| 8 | 21800621/ 26.10.18 | 520429/ 26.10.18 | 1200 | KL-50-9832 വാഹനമുടമ ശ്രീ കുഞ്ഞുണ്ണിക്ക് നൽകിയ തുക | മികച്ച കർഷകരെ തെരഞ്ഞെടുക്കുന്നതിനു വേണ്ടി 13.8.18 ന് ഫീൽഡ് വിസിറ്റ് നടത്താൻ കൃഷി ഓഫീസർ വാഹനം വാടകക്കെടുത്തതിന്റെ തുക.<br>എന്നാൽ മേൽ പറഞ്ഞ തീയ്യതിയിൽ കൃഷി ഓഫീസർ പഞ്ചായത്തിന്റെ ഔദ്യോഗിക വാഹനമാണ് ഉപയോഗിച്ചതെന്ന് ലോഗ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. |
| | ആകെ | | 6490 | | |

2018-19 സാമ്പത്തിക വർഷത്തിൽ മേൽ പറഞ്ഞവയുൾപ്പെടെ വിവിധ ആവശ്യങ്ങൾക്കു വേണ്ടി വാടകക്കെടുത്ത വാഹനങ്ങൾ, വാടകത്തുക ക്ലെയിം ചെയ്യുന്നതുമായി ബന്ധപ്പെട്ട് സമർപ്പിച്ച ട്രിപ്പ് ഷീറ്റിൽ, അവയുടെ സീരിയൽ നമ്പർ, ആദ്യാവസാന മീറ്റർ റീഡിംഗ്, ഓടിയ കിലോമീറ്റർ എന്നിവ രേഖപ്പെടുത്തുകയോ യാത്ര ചെയ്ത ഉദ്യോഗസ്ഥൻ ആയത് ശരിയാണെന്നുറപ്പു വരുത്തി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.

മേൽ പറഞ്ഞ വസ്തുതകളിന്മേൽ സാധുവായ വിശദീകരണം സമർപ്പിക്കാനുണ്ടെങ്കിൽ ആയത് 27.10.2018 നകം രേഖാമൂലം സമർപ്പിക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് പഞ്ചായത്ത് മറുപടി സമർപ്പിച്ചില്ല.

ആയതിനാൽ മേൽപറഞ്ഞ വിധം നിയമാനുസൃതമല്ലാതെ ചെലവഴിച്ച 6490 രൂപ ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നോ അല്ലാത്ത പക്ഷം ചെലവിനുത്തരവാദിയായ സെക്രട്ടറിയിൽ നിന്നോ ഈടാക്കി തനത് ഫണ്ടിലൊടുക്കണം.

# 1-22 വിദ്യാഭ്യാസ മേഖലയിൽ പ്രൊജക്ടുകൾ നടപ്പിലാക്കിയില്ല-വിശദീകരണമാവശ്യപ്പെടുന്നു

2018-19 സാമ്പത്തിക വർഷത്തിൽ നെല്ലായ ഗ്രാമ പഞ്ചായത്ത് വിദ്യാഭ്യാസ മേഖലയിൽ നടപ്പാക്കുന്നതിനു വേണ്ടി താഴെ പറയുന്ന പ്രൊജക്റ്റുകൾക്ക് അംഗീകാരം വാങ്ങിയിട്ടുണ്ട്.

| ക്രമ നം | പ്രൊജ. നം | പ്രൊജക്ടിന്റെ പേര് | അടങ്കൽ തുക |
|---|---|---|---|
| 1 | 40/19 | സ്കൂൾ, വായന ശാലകൾക്ക് പത്രം, ബാല ശാസ്ത്ര മാസിക | 50000 ( തനത് ഫണ്ട്) |
| 2 | 40/09 | സ്കൂളുകൾക്ക് വേസ്റ്റ് ബിൻ | 100000 ധനകാര്യ കമ്മീഷൻ അവാർഡ് |
| 3 | 261/09 | സ്കൂൾ, വായനശാലകൾക്ക് പത്രം, ബാല ശാസ്ത്ര മാസിക | 100000 ( തനത് ഫണ്ട്) |
| 4 | 262/09 | കുട്ടികൾക്ക് നീന്തൽ പരിശീലനം- ഉപകരണങ്ങൾ | 100000 (പ്ലാൻ ഫണ്ട്) |
| 5 | 271/09 | സ്കൂളുകൾക്ക് നാപ്കിൻ വെൻഡിംഗ് മെഷീൻ | 630000 (പ്ലാൻ ഫണ്ട്) |

എന്നാൽ മേൽ പറഞ്ഞ പ്രൊജക്ടുകൾ ഒന്നും തന്നെ പ്രസ്തുത കാലയളവിൽ നടപ്പാക്കിയിട്ടില്ല. പൊതുജനങ്ങളുടെ സർവതോന്മുഖമായ വളർച്ച ലക്ഷ്യമിട്ടുകൊണ്ട് ആവിഷ്കരിക്കപ്പെടുന്ന സമഗ്രമായ വാർഷിക പദ്ധതിയിൽ നിന്നും വിദ്യഭ്യാസ മേഖലയെ മാറ്റിനിർത്തുന്നത് അഭിലഷണീയമല്ലെന്നിരിക്കെ അംഗീകരിക്കപ്പെട്ട ഒരു പ്രൊജക്ടും നടപ്പാക്കാതിരുന്ന നടപടിയിന്മേൽ വിശദീകരണമാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി സമർപ്പിച്ചില്ല. ഭാവിയിൽ എല്ലാ മേഖലകളെയും പരിഗണിച്ചുകൊണ്ട് ഉൽപാദനപരവും ദീർഘവീക്ഷണത്തിലധിഷ്ഠിതവുമായ പ്രൊജക്ടുകൾക്ക് രൂപം നൽകി അവ നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-23 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങളുടെ വിതരണം- മാർഗ്ഗ രേഖയിലെ നിർദേശങ്ങൾ പാലിച്ചില്ല

പട്ടിക ജാതിക്കാരായ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങളുടെ വിതരണം സബ്സിഡി മാനദണ്ഡങ്ങൾ പാലിച്ചില്ല – വിശദീകരണമാവശ്യപ്പെടുന്നു.

പ്രൊജക്ട് നമ്പർ So 25/19

പദ്ധതി അടങ്കൽ 150000 രൂപ

പദ്ധതിച്ചെലവ് 149742 രൂപ (ബിൽ നമ്പർ 07/19 തീ. 16.3.19

തുക- 99828 രൂപ

ബിൽ നം. 12/19 തീ. 23.3.19

തുക- 49914 രൂപ

ആകെ- 147942 രൂപ

നിർവഹണോദ്യോഗസ്ഥൻ – അസി. സെക്രട്ടറി

പട്ടികജാതി വിഭാഗത്തിൽ പെട്ട തെരഞ്ഞെടുക്കപ്പെട്ട 30 വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ എന്ന നിലയിൽ മേശയും കസേരയും വിതരണം ചെയ്യുതാണ് പദ്ധതി.

പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗ രേഖ ഖണ്ഡിക 7.2.7 പ്രകാരം , ഈ വിഭാഗത്തിൽ പെട്ട ഗുണഭോക്താക്കൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്യുന്നതിനു മുമ്പ്, മറ്റു വകുപ്പുകളിൽ നിന്നും ഈയിനത്തിൽ ധനസഹായം ലഭിച്ചിട്ടില്ല എന്ന് ഉറപ്പു വരുത്തേണ്ടതുണ്ട്. അല്ലാത്ത പക്ഷം ഈയാനുകൂല്യങ്ങൾ ദുരുപയോഗപ്പെടുത്തുവാൻ സാധ്യതയുണ്ട്. മാത്രമല്ല, പഠനോപകരണങ്ങൾ സ്കൂൾ അധികൃതർ മുഖേന മാത്രമേ വിതരണം ചെയ്യാവൂ എന്നും മാർഗ്ഗ രേഖ നിഷ്കർഷിക്കുന്നുണ്ട്.

എന്നാൽ മേൽ പറഞ്ഞ മാനദണ്ഡങ്ങൾ പാലിക്കാതെയാണ് പ്രൊജക്ട് നിർവ്വഹണം നടത്തിയിട്ടുള്ളത്. ഇക്കാര്യത്തിൽ വിശദീകരണമാവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭിച്ചില്ല. ഭാവിയിൽ അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-24 സമഗ്ര ആരോഗ്യ പരിചരണം -പ്രൊജക്ട് നിർവഹണം സുതാര്യമല്ല

പ്രൊജക്ട് : നം.S0004/19 സമഗ്ര ആരോഗ്യ പരിചരണം

അടങ്കൽ: ₹145000.00 (വികസന ഫണ്ട്)

ചെലവ്: ₹130200.00

നിർവഹണം- മെഡിക്കൽ ഓഫീസർ

1. ബിൽ നം. 3 തീയതി 17-08-2018 ₹28,800.00
2. ബിൽ നം. 8 തീയതി 04-12-2018 ₹63,000.00
3. ബിൽ നം.14 തീയതി 23-3-2018 ₹38,400.00)

ഈ പദ്ധതിക്കായി ചെലവഴിച്ച ₹130200.00 യും KL-10-B-7023 എന്ന വാഹനത്തിന്റെ ഡ്രൈവർ ശ്രീ.രാജേഷിനാണ് നൽകിയിട്ടുള്ളത്. (96 ദിവസത്തെ വാഹന വാടക 115200.00, നോട്ടീസ് പ്രിന്റിങ്ങ്, 5000.00 അനൗൺസ്മെന്റ് 8000.00, MDA vehicle supervision 2000.00) പ്രൊജക്ടിന്റെ നിർവഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകങ്ങൾ ഉണ്ടായിയിട്ടുണ്ട്.

1. വാഹന വാടകയായി 96 ദിവസത്തിന് പ്രതിദിനം 1200 വീതം ₹115200.00 ശ്രീ.രാജേഷിന് അനുവദിച്ചിട്ടുണ്ട്. എന്നാൽ വൗച്ചറുകളോടൊപ്പമുള്ള ട്രിപ്പ് ഷീറ്റുകൾ 1988ലെ കേരള മോട്ടോർ വെഹിക്കിൾ ആക്ട്, 1989ലെ കേരള മോട്ടോർ വെഹിക്കിൾ റൂൾസ് 224 എന്നിവയിൽ നിഷ്കർഷിച്ചിട്ടുള്ള മാതൃകയിലുള്ളതല്ല. ഹാജരാക്കിയ ട്രിപ്പ് ഷീറ്റുകളിൽ ക്രമ നമ്പർ, ആകെ ഓടിയ കിലോമീറ്റർ, ഉപയോഗിച്ച സമയം, ഹാൾട്ട് സമയം മുതയായവ രേഖപ്പെടുത്തിയിട്ടില്ല.

2. പ്രൊജക്ട് കാലയളവിൽ താഴെ പറയുന്ന സർക്കാർ ഉത്തരവുകൾ പ്രകാരം പ്രാബല്യത്തിൽ വന്ന നിരക്കുകളെ വാഹന വാടകക്ക് അർഹതയുള്ളൂ.

എ) സ.ഉ. (പി) 74/2014/ട്രാൻ തീയതി 17-10-2014 (01-4-2018മുതൽ 10-12-2018)

ബി)സർക്കാർ ഉത്തരവ് (പി) 45/2018/ട്രാൻ തീയതി 11-12-2018 (11-12-2018 മുതൽ 31-3-19 വരെ)

സർക്കാർ ഉത്തരവിനു വിരുദ്ധമായാണ് നിരക്കുകൾ നൽകിയിട്ടുള്ളത്.

3. നോട്ടീസ് പ്രിന്റിങ്ങ് - Zodiac Printers, Perintalmanna ₹5000.00, അനൗൺസ്മെന്റ്- Swarnam Light & Sound, Nellaya ₹8000.00 എന്നീ ഇനങ്ങൾക്കു ചെലവായ തുകകൾ ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് നേരിട്ട് നൽകുന്നതിനു പകരം ശ്രീ.രാജേഷിനാണ് നൽകിയിരുന്നത്. ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് സ്ഥാപനങ്ങളിൽ നിന്നുള്ള കൈപ്പറ്റ് രശീതിന്റെ പകർപ്പ് ഹാജരാക്കിയിരുന്നു. സ്ഥാപനങ്ങൾക്ക് നേരിട്ട് നൽകുന്നതിനു പകരം ശ്രീ. രാജേഷിന് നൽകിയ നടപടി സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്.

4. ഡി & ഒ സ്ഥാപനങ്ങളുടെ പരിശോധന, അതിഥി സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ പരിശോധന എന്നിവയുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും, വൗച്ചറുകൾ പ്രകാരമുള്ള വിശദാംശങ്ങളും പൊരുത്തപ്പെടുന്നില്ല. ഈ കാരണത്താൽ പരിശോധന സംബന്ധിച്ച വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമായില്ല.

5. ഗർഭിണികളുടെയും കുട്ടികളുടെയും രോഗ പ്രതിരോധ കുത്തിവെപ്പിനു വേണ്ടി വാഹന വാടക ഇനത്തിലാണ് ഈ പ്രൊജക്ടിന്റെ ഭൂരിഭാഗം തുകയും ചെലവഴിച്ചിരിക്കുന്നത്. വികസന ഫണ്ട് ഉപയോഗിച്ച് നടപ്പാക്കുന്ന പ്രൊജക്ടുകൾക്ക് ബാധകമായ മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പാലിച്ചിട്ടില്ല.
6. പ്രൊജക്ടിന്റെ നിർവഹണവുമായി ബന്ധപ്പെട്ട മോണിറ്ററിങ്ങ് കമ്മിറ്റി റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

ഭാവിയിൽ പ്രോജക്ടുകളുടെ നിർവഹണത്തിൽ സർക്കാർ ഉത്തരവുകൾ, ചട്ടങ്ങൾ, പദ്ധതി മാർഗ്ഗരേഖകൾ മുതലായവയിലെ വ്യവസ്ഥകൾ പാലിക്കേണ്ടതാണ്. ഈ പ്രൊജക്ടിന്റെ ഫലപ്രാപ്തി സംബന്ധിച്ച് വിലയിരുത്തലിനായി വനിതകളുടെയും കുട്ടികളുടെയും വികസനത്തിനായുള്ള വർക്കിങ്ങ് ഗ്രൂപ്പ്, ക്ഷേമ കാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി, പഞ്ചായത്ത് ഭരണസമിതി എന്നിവരുടെ പ്രത്യക ശ്രദ്ധ ക്ഷണിക്കുന്നു.

# 1-25 വിവിധ ഏജൻസികൾ നടപ്പാക്കിയ ഡെപ്പോസിറ്റ് പ്രൊജക്ടുകൾ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കണം

നെല്ലായ ഗ്രാമപഞ്ചായത്ത് 2018-19 സാമ്പത്തിക വർഷം വിവിധ പ്രൊജക്ടുകളുടെ നിർവഹണത്തിനു വേണ്ടി തുക കൈമാറിയ ഏജൻസികളും കൈമാറിയ തുകകളും സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

**നിർവഹണോദ്യോഗസ്ഥൻ - സെക്രട്ടറി**

| ക്രമ നം | പ്രൊജക്ട് നമ്പർ | പ്രൊജക്ടിന്റെ പേര് | തുക സ്വീകരിച്ച ഏജൻസിയുടെ പേര് | ചെലവു തുക | ബിൽ നം& തീയ്യതി |
|---|---|---|---|---|---|
| 1 | 02/19 | SSA വിഹിതം | SSA, പാലക്കാട് | 1000000 | 9/19<br>തീയ്യതി<br>23.7.18 |
| 2 | 37/19 | തുല്യത | കേരള സാക്ഷരതാ മിഷൻ<br>A/C No. 02880100113107<br>UCO Bank | 41650 | 42/19<br>22.2.19 |
| 3 | 196/19 | സമഗ്ര കുടിവെള്ള പദ്ധതി- ഡെപ്പോസിറ്റ് വർക്ക് | കേരളാ ജല അതോറിറ്റി<br>(പ്രൊജക്ട്, ചെലവു സംബന്ധമായ രേഖകൾ, വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്) | 400000/-<br>1,50,000<br>(തനത് ഫണ്ട്) | 41/19<br>22.2.19 |
| 4 | 209/19 | അങ്കണവാടി കെട്ടിട നിർമാണ വിഹിതം നൽകൽ | സാമൂഹ്യക്ഷേമ വകുപ്പ്<br>8443-00-108<br>നമ്പർ ശീർഷകത്തിലേക്ക് തുക മാറ്റി (ചലാൻ നം. 34310/2/219 | 5,80,000<br>ch.no.<br>2457088/<br>31.1.19 | തനത് ഫണ്ട് |
